**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6686** **11-11-2021 - ൽ മറുപടിയ്ക്ക്**

**ലോ ഫ്ലോർ ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. നാളിതുവരെ വാങ്ങിയ ലോ ഫ്ലോർ ബസ്സുകളുടെ എണ്ണം എത്രയാണ്; ഏതൊക്കെ കമ്പനികളിൽ നിന്നും എത്ര എണ്ണം വീതമാണ് വാങ്ങിയതെന്ന് തീയതി അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിൽ മറ്റു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്തവ ഏതൊക്കെയാണെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. നാളിതുവരെ 719 Low Floor ബസ്സുകൾ വാങ്ങിയിട്ടുണ്ട്. M/s. Ashok Leyland-ൽ നിന്ന് 315 ബസ്സുകൾ (വിതരണ ഉത്തരവ് തീയതികൾ 30.03.2009, 16.08.2014) വോൾവോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്-ൽ നിന്നും 190 ബസ്സുകൾ (വിതരണ ഉത്തരവ് തീയതികൾ 31.03.2009, 23.08.2014) ടാറ്റാ മോട്ടേഴ്സിൽ നിന്ന് 214 ബസ്സുകൾ (വിതരണ ഉത്തരവ് തീയതികൾ 04.09.2014, 14.01.2016, 02.11.2016) മറ്റു രാജ്യങ്ങളിൽ നിന്നും കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ ബസ്സുകൾ നാളിതുവരെ ഇറക്കുമതി ചെയ്തിട്ടില്ല. |
| (ബി) | ഈ ബസ്സുകൾ വാങ്ങുന്നതിനായി ചെലവാക്കിയ ആകെ തുക എത്രയാണെന്ന് അറിയിക്കുമോ; ഇതിൽ ഓരോ ഇനത്തിലെയും ഒരു ബസ് നിരത്തിലിറക്കുന്നതിനായി ചെലവായ തുക എത്ര വീതമാണെന്ന് അറിയിക്കുമോ; | (ബി) | രണ്ടു ഘട്ടമായിട്ടാണ് 719 ബസുകൾ വാങ്ങിയത് ഇതിനായി ചിലവഴിച്ച ആകെ തുക 349.88 കോടി രൂപ. ഒന്നാം ഘട്ടത്തിൽ Ashok Leyland Bus ഒന്നിന് 26,18,985/- രൂപയും Volvo India Pvt. Ltd. ബസ് ഒന്നിന് 80,98,463/- രൂപയും ചിലവ് ആയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ Ashok Leyland ബസ് ഒന്നിന് 39,42,281/- രൂപയും Tata ബസ് ഒന്നിന് 39,46,661.5/- രൂപയും, Volvo India Pvt.Ltd. ബസ് ഒന്നിന് 98,01,445/- രൂപയും ചിലവ് ആയിട്ടുണ്ട്. വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | ഇവയിൽ ഓരോ ഇനത്തിലുമുള്ളത് വാങ്ങിയ വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | രണ്ടു ഘട്ടമായിട്ടാണ് 719 ബസുകൾ വാങ്ങിയത് ഇതിനായി ചിലവഴിച്ച ആകെ തുക 349.88 കോടി രൂപ. ഒന്നാം ഘട്ടത്തിൽ Ashok Leyland Bus ഒന്നിന് 26,18,985/- രൂപയും Volvo India Pvt. Ltd. ബസ് ഒന്നിന് 80,98,463/- രൂപയും ചിലവ് ആയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ Ashok Leyland ബസ് ഒന്നിന് 39,42,281/- രൂപയും Tata ബസ് ഒന്നിന് 39,46,661.5/- രൂപയും, Volvo India Pvt.Ltd. ബസ് ഒന്നിന് 98,01,445/- രൂപയും |

| | | | |
|---|---|---|---|
| | | | ചിലവ് ആയിട്ടുണ്ട്. വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) | നിരത്തുകളിൽ ഓടാത്ത ബസ്സുകളിൽ ഓരോ ഇനത്തിന്റെയും വാങ്ങിയ വർഷം അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; | (ഡി) | നിലവിൽ ഡോക്ക് ചെയ്തിട്ടുള്ള ലോ ഫ്ലോർ, സെമി ലോ ഫ്ലോർ, എ.സി വോൾവോ ബസ്സുകളുടെ ഇനം തിരിച്ച് വാങ്ങിയ വർഷത്തിന്റെ അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| (ഇ) | വാടക കരാർ വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി. വാങ്ങിയ ബസ്സുകളുടെ എണ്ണം എത്രയാണെന്ന് കരാർ തീയതിയുടെ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിനായി കെ.എസ്.ആർ.ടി.സി. ചെലവാക്കിയ തുക എത്രയാണെന്നും എത്ര വർഷത്തേക്കായിരുന്നു കരാറെന്നും അറിയിക്കാമോ; ഇതിൽ ഏത്ര ബസ്സുകളാണ് നിരത്തിലോടുന്നത്; ഓടാതായ ബസ്സുകളുടെ തീയതിയുടെ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; | (ഇ) | 15.09.2017 തീയതിയിലെ എഗ്രിമെന്റ് പ്രകാരം 5 വർഷക്കാലാവധിയിൽ 10 സ്കാനിയ മൾട്ടി ആക്സിൽ ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒരു ബസ്സ് അപകടത്തെ തുടർന്ന് Total loss ആയതിനാൽ നിലവിൽ 9 ബസ്സുകളാണ് ലഭ്യമായിട്ടുള്ളത്. കിലോമീറ്റർ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി നൽകേണ്ട തുകയുടെ വിശദാംശം അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. 14.11.2018 തീയതിയിലെ എഗ്രിമെന്റ് പ്രകാരം 10 ഇലക്ട്രിക് ബസ്സുകൾ 10 വർഷക്കാലയളവിലേക്ക് പ്രതി കിലോമീറ്ററിന് 43.20 രൂപയ്ക്ക് വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. ടി ബസുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തിയപ്പോൾ കോർപ്പറേഷന് സാമ്പത്തിക ബാദ്ധ്യത ഉണ്ടായതിനെ തുടർന്ന് 2 ബസുകൾ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റ ഡിന് നൽകുകയും ഇലക്ട്രിക് ബസ്സുകളുടെ ചെലവ് കൂടുതലായതിനാൽ നിലവിലെ സാഹചര്യത്തിൽ ഇത് ലാഭകരമായി ഓടിക്കുവാൻ കോർപ്പറേഷന് കഴിയുകയില്ല എന്നതിനാൽ ശേഷിക്കുന്ന 8 ഇലക്ട്രിക് ബസ്സുകൾ ഓപ്പറേറ്റ് ചെയ്യാനാകാതെ M/s മഹാവോയേജ് എൽ.എൽ.പി കമ്പനിയുടെ പക്കൽ ഉള്ളതുമാണ്. കോവിഡ് കാലയളവ് മുതൽ ഇവ നിരത്തിൽ ഇറക്കുന്നില്ല. |
| (എഫ്) | അറ്റകുറ്റപണികൾ കൃത്യമായി നടത്താത്തതും സ്പെയർപാർട്ട്സുകളുടെ ലഭ്യതക്കുറവും വിദേശ നിർമ്മിത ബസ്സുകളുടെ അറ്റകുറ്റപണികൾക്കുള്ള സംവിധാനം ഇല്ലാത്തതുമാണോ ബസ്സുകൾ ഓടാത്തതിനു കാരണമെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ മറ്റു കാരണങ്ങളെന്തൊക്കെയാണെന്ന് വിശദീകരിക്കുമോ? | (എഫ്) | സാമ്പത്തിക പ്രതിസന്ധിയും, വോൾവോ എ.സി. ബസ്സുകളുടെ സ്പെയർ പാട്സുകളുടെ വില താരതമ്യേന കൂടുതലും, കുറഞ്ഞ ഇന്ധനക്ഷമതയും, വർദ്ധിച്ച അറ്റകുറ്റ പണികളും, കോവിഡ്-19ന്റെ നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ യാത്രക്കാർ എ.സി ബസ്സുകൾ ഒഴിവാക്കുന്നതിനാലും നിലവിൽ കുറച്ച് ബസ്സുകൾ മാത്രമാണ് സർവ്വീസിന് ഉപയോഗിക്കുന്നത്. ആയതിനാലാണ് ലോ ഫ്ലോർ എ.സി വോൾവോ, സെമി ലോ ഫ്ലോർ ബസ്സുകൾ സ്പെയർ പാട്സുകൾ ലഭ്യമാക്കി അറ്റകുറ്റ പണികൾ പൂർത്തീകരിക്കാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| Year | Asok L/L | TATA | Volvo |
|---|---|---|---|
| 2009 | -- | -- | 15 |
| 2010 | 69 | -- | 31 |
| 2011 | 153 | -- | 16 |
| 2012 | 17 | -- | 12 |
| 2013 | 1 | -- | 06 |
| 2015 | 75 | 96 | 110 |
| 2016 | -- | 63 | -- |
| 2017 | -- | 55 | -- |

Radha
സെക്ഷൻ ഓഫീസർ

## അനുബന്ധം - II

1. ഡോക്കിലുള്ള ജൻറം ലോ ഫ്ലോർ റിയർ എഞ്ചിൻ ബസ്സുകളുടെ വിവരം.

| വർഷം | ബസ്സുകളുടെ എണ്ണം |
|---|---|
| 2010 | 68 |
| 2011 | 153 |
| 2012 | 17 |
| 2013 | 1 |
| **ആകെ** | **239** |

2. ഡോക്കിലുള്ള ജൻറം ഫ്രണ്ട് എഞ്ചിൻ സെമി ലോ ഫ്ലോർ ബസ്സുകളുടെ വിവരം

| വർഷം | ബസ്സുകളുടെ എണ്ണം |
|---|---|
| 2015 | 31 |
| 2016 | 8 |
| 2017 | 6 |
| **ആകെ** | **45** |

3. ഡോക്കിലുള്ള ജൻറം എ.സി. വോൾവോ ബസ്സുകളുടെ വിവരം.

| വർഷം | ബസ്സുകളുടെ എണ്ണം |
|---|---|
| 2009 | 7 |
| 2010 | 12 |
| 2011 | 8 |
| 2012 | 6 |
| 2013 | 4 |
| 2015 | 49 |
| **ആകെ** | **86** |

Radha

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - III

| | | |
|---|---|---|
| a | 800 & above km | Rs. 23/- |
| b | 750 to 799 km | Rs. 24/- |
| c | 700 to 749 km | Rs. 25.50/- |
| d | 650 to 699 km | Rs. 26.4/- |
| e | 600 to 649 km | Rs. 27.72/- |

Radha

സെക്ഷൻ ഓഫീസർ